കേരള സർക്കാർ

തദ്ദേശ സ്വയംഭരണ വകുപ്പ്-എടവക ഗ്രാമപഞ്ചായത്ത്- മാവേലി സ്റ്റോർ നടത്തുന്നതിനായി ഏറ്റെടുത്ത കെട്ടിടത്തിന് പ്രതിമാസ വാടക 6000/-രൂപ നിരക്കിൽ നൽകുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ)നം. 2861/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 11/10/2016

---

പരാമർശം : 1)എടവക ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 29/07/2016 ലെ 192/2016-ാം തീരുമാനം

2).എടവക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01/8/2016 ലെ എ 2-3345/2016 നം.കത്ത്

## ഉത്തരവ്

എടവക ഗ്രാമപഞ്ചായത്തിന് അനുവദിച്ച മാവേലി സ്റ്റോർ നടത്തുന്നതിന് അഞ്ച് വർഷത്തേയ്ക്ക് വാടക രഹിത കെട്ടിടം അനുവദിക്കുന്നതിനായി, പഞ്ചായത്ത് വാടകയ്ക്ക് ഏറ്റെടുത്ത് നൽകിയ കെട്ടിടത്തിന് പി.ഡബ്ള്യു.ഡി നിശ്ചയിച്ച പ്രതിമാസ വാടക 1927/-രൂപയാണെന്നും ഈ നിരക്ക് അപര്യാപ്തമാണെന്ന് കാണിച്ച് കെട്ടിടം ഉടമ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ വാടകയിനത്തിൽ ചുരുങ്ങിയത് 4073/-രൂപ കൂടി അധികം നൽകുന്നതിന് പഞ്ചായത്തിന് സമ്മതാണെന്ന പരാമർശം(1) പ്രകാരമുള്ള ഭരണ സമിതിയുടെ തീരുമാനം സാധൂകരണത്തിനായി പരാമർശം(2) പ്രകാരം ലഭിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശത്തിലെ ഭരണ സമിതിയുടെ തീരുമാനം അംഗീകരിച്ച്,എടവക ഗ്രാമപഞ്ചായത്തിന് അനുവദിച്ച മാവേലി സ്റ്റോർ നടത്തുന്നതിന് അഞ്ച് വർഷത്തേയ്ക്ക് വാടക രഹിത കെട്ടിടം അനുവദിക്കുന്നതിനായി പഞ്ചായത്ത് വാടകയ്ക്ക് ഏറ്റെടുത്ത് നൽകിയ കെട്ടിടത്തിന് പി.ഡബ്ള്യു.ഡി നിശ്ചയിച്ച പ്രതിമാസ വാടക നിരക്കായ 1927/-രൂപയോടൊപ്പം ഭരണ സമിതി നിശ്ചയിച്ച 4073/-രൂപ കൂടി ചേർത്ത് ആകെ 6000/-രൂപ നിരക്കിൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് പ്രതിമാസ വാടകയായി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

അബുൽകലാം.എം ,

അണ്ടർ സെക്രട്ടറി,

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം .

സെക്രട്ടറി,എടവക ഗ്രാമപഞ്ചായത്ത്,മാനന്തവാടി,വയനാട് ജില്ല.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി. )

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.